**THE STATE ELECTRICITY OMBUDSMAN**
D.H. Road & Foreshore Road Junction, Near Gandhi Square,
Ernakulam, Kerala-682 016
Ph: 0484 2346488, Mob: 8714356488
www.keralaeo.org Email: ombudsman.electricity@gmailgmail.com

# അപ്പീൽ പരാതി നമ്പർ: P/011/2023
**(സാന്നിദ്ധ്യം: എ. ചന്ദ്രകുമാരൻ നായർ)**
**തിയതി: മെയ് -17- 2023**

പരാതിക്കാരി: രാധാ കെ. സി,
w/o ചീനിയംപുറത്ത് ഭാസ്കരൻ,
കുറുമ്പലങ്ങോട് പി.ഓ.,
കൈപ്പിനി, ചുങ്കത്തറ,
മലപ്പുറം ജില്ല - 679334

എതിർകക്ഷി: അസിസ്റ്റന്റ് എക്സിക്യൂട്ടീവ്
എഞ്ചിനീയർ, എലെക്ട്രിക്കൽ
സബ് ഡിവിഷൻ, കെ. എസ്. ഇ. ബി
ലിമിറ്റഡ്, എടക്കര, മലപ്പുറം

## ഉത്തരവ്

### പരാതിയുടെ പശ്ചാത്തലം

മലപ്പുറം ജില്ലയിലെ ചുങ്കത്തറ ഇലക്ട്രിക് സെഷൻ പരിധിയിൽ താമസിക്കുന്നയാളാണ് പരാതിക്കാരിയായ ശ്രീമതി രാധ. പരാതിക്കാരിയുടെ പേരിൽ കുറുമ്പലങ്ങോട് എന്ന സ്ഥലത്ത് 1 ഏക്കർ 45 സെൻറ് സ്ഥലം സ്വന്തമായി ഉണ്ട്. അതിൽ പരാതിക്കാരിക്ക് അവകാശപ്പെട്ട വഴിയും നിലവിലുണ്ട്. ഏകദേശം ആറു വർഷം മുൻപ് ഈ വഴിയിലൂടെ പരാതിക്കാരിയുടെ അറിവോ സമ്മതമോ കൂടാതെ പോസ്റ്റും ഇലക്ട്രിക് ലൈനും ലൈസൻസി സ്ഥാപിച്ചിട്ടുണ്ട്. പരാതിക്കാരിയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്തു നിന്നിരുന്ന റബ്ബർ മരങ്ങൾ ലൈനിലേക്ക് ചാഞ്ഞു എന്ന കാരണത്താൽ ലൈസൻസി വെട്ടി മാറ്റുകയുണ്ടായി. ഈ ലൈൻ അവിടെ സ്ഥിതി ചെയ്യുന്നതിനാൽ

നിരന്തരം തലവേദനയായി മാറുന്നു അതിനാൽ ഈ ലൈൻ തനിക്ക് അവകാശപ്പെട്ട വഴിയിൽ നിന്നും മാറ്റി സ്ഥാപിച്ച് പരാതിക്കാരിയുടെ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കണമെന്നാണ് അപേക്ഷ. പരാതിക്കാരി കോഴിക്കോട് CGRF 31/12/2022- ൽ പരാതി നൽകുകയും അതുകേട്ട് CGRF ഉത്തരവിറക്കുകയും ചെയ്തു. ആ ഉത്തരവിൽ പരാതിക്കാരിയുടെ ചെലവിൽ ഈ ലൈൻ അനുയോജ്യമായ മറ്റൊരു മാർഗത്തിലൂടെ വലിക്കാൻ നിർദ്ദേശിക്കുന്നു. ആ നിർദേശം സ്വീകര്യമല്ലാത്തതിനാലാണ് അപ്പീൽ പരാതിയുമായി ഓംബുഡ്സ്മാനെ സമീപിച്ചിരിക്കുന്നത്.

## <u>പരാതിക്കാരിയുടെ വാദം</u>

1. **പരാതിക്കാരിയുടെ പേരിൽ** 1 ഏക്കർ 45 സെന്റ് സ്ഥലം 824/1A യിൽ പെട്ടത് കുറുമ്പലങ്ങോട് എന്ന സ്ഥലത്തുണ്ട്. അതിൽ സ്വന്തമായി അവകാശപ്പെട്ട വഴിയും ഉണ്ട്. സ്ഥലവും വഴിയും എന്റേതാണെന്ന് തെളിയിക്കാൻ സ്ഥലത്തിന്റെ പട്ടയവും ആധാരവും ഉണ്ട്. എന്റെ താമസം കൈപ്പിനി എന്ന സ്ഥലത്താണ്. പരാതിക്കാരിയുടെ പറമ്പിലും ടി വഴിയിലും സമ്മതം കൂടാതെ ഇലക്ട്രിക് ലൈനും പോസ്റ്റും സ്ഥാപിച്ചിട്ടുണ്ട്. അത് വലിയ തലവേദനയായി. അത് എത്രയും പെട്ടെന്ന് പറമ്പിൽ നിന്നും മാറ്റണം. ഞാൻ ഒരു വൃദ്ധയായ സ്ത്രീയാണ് വയസ്സ് 63 ആയി. ഭർത്താവിന് ആണെങ്കിൽ 70 വയസ്സുമായി. സാമ്പത്തികശേഷി വളരെ മോശവുമാണ്. സിജിആർഎഫ് ഓർഡറിൽ ലൈനും പോസ്റ്റും മാറ്റാൻ ഞാൻ അപേക്ഷ കൊടുക്കണം, പണം കെട്ടിവയ്ക്കണം എന്നൊക്കെ കാണുന്നു. എനിക്ക് പണമടയ്ക്കാൻ കഴിയില്ല. കൂടാതെ എന്നോട് അനുവാദം ചോദിച്ചിട്ടല്ല ചുങ്കത്തറ കെഎസ്ഇബി എന്റെ പറമ്പിൽ ഇലക്ട്രിക് ലൈനും പോസ്റ്റും സ്ഥാപിച്ചത്. കൂടാതെ നാട്ടുകാരുടെ ജീവനു ഭീഷണിയായിട്ടുള്ള ഈ ലൈൻ കാരണം ആരുടെയും ഉത്തരവാദിത്വം ഏറ്റെടുക്കാൻ എനിക്ക് കഴിയില്ല. ഒറ്റയ്ക്ക് നടക്കാൻ തന്നെ കഴിയാതെ ആയിട്ടുണ്ട് ഇപ്പോൾ. ആയതിനാൽ ദയവായി എത്രയും പെട്ടെന്ന് എന്റെ പറമ്പിൽ നിന്നും ലൈനും, പോസ്റ്റും മാറ്റി കിട്ടാൻ വേണ്ട ഏർപ്പാട് ചെയ്തു തന്നാലും.

2. **എന്റെ പറമ്പിന്റെ പടിഞ്ഞാറെ അതിര് കുറുമ്പലങ്ങോട് ജി യു പി സ്കൂൾ പറമ്പാണ്. അതിനിടയ്ക്ക് എനിക്ക് അവകാശപ്പെട്ട വഴി (പറമ്പിലേക്ക് ഉള്ളത്) ഉണ്ട്. കെഎസ്ഇബി പറയുന്നത് അത് പഞ്ചായത്ത് റോഡ് ആണെന്നും ടി റോഡിൽ കൂടെയാണ് ലൈൻ**

സ്ഥാപിച്ചത് എന്നും എന്റെ പറമ്പിന്റെ ഉള്ളിലേക്കും കേറ്റി പോസ്റ്റ് ഇട്ടിട്ടുള്ളത്. സ്ഥലത്തിന്റെ ദയവായി സ്ഥലത്തിന്റെ റിക്കോർഡുകൾ പരിശോധിച്ചാലും.
താമസം പറമ്പിൽ നിന്നും വളരെ ദൂരെ ആയതു കാരണം കെഎസ്ഇബി ലൈനും പോസ്റ്റും സ്ഥാപിക്കുന്നത് ഞാൻ അറിഞ്ഞിട്ടും കണ്ടിട്ടും ഇല്ലായിരുന്നു. പറമ്പിൽ പിന്നെ പണിക്ക് ചെല്ലുമ്പോൾ ആണ് ഇത് കാണുന്നത്. അതിന് എന്തു ചെയ്യണം എന്ന് അറിയാത്തത് കാരണം അന്ന് ഒന്നും ചെയ്യാൻ പറ്റിയില്ല. ടി ലൈനും പോസ്റ്റും ഇന്ന് എനിക്ക് തീരാ തലവേദനയായിട്ടുണ്ട്. ടി ലൈൻ കാരണം പലരും എന്റെ പറമ്പിൽ അധികാരം കാട്ടുകയും കടന്ന് അനധികൃത പണികൾ ചെയ്യുന്നുമുണ്ട്. മേലിലെങ്കിലും ഈ ശല്യം ഉണ്ടാകാതിരിക്കാനും നാട്ടുകാരുടെ ജീവനും സ്വത്തിനും എന്റെ പറമ്പ് കാരണമാകാതിരിക്കാനും എത്രയും പെട്ടെന്ന് ഇലക്ട്രിക് ലൈനും പോസ്റ്റും മാറ്റാനുള്ള നടപടി സ്വീകരിച്ചാലും. കൂടാതെ കെഎസ്ഇബി ഭീഷണിക്കത്ത് തരുന്നതും നിർത്താൻ പറഞ്ഞാലും. വൃദ്ധരായ ഞങ്ങളുടെ തലയിൽ കയറുന്നത് നിർത്തിച്ചു തന്നാലും. ഇങ്ങനെയുള്ള പ്രശ്നങ്ങൾ തീർക്കാൻ നടക്കാൻ പൈസയും ആരോഗ്യവും ഇല്ലാത്ത സ്ഥിതിയിലാണിപ്പോൾ.

3. ബഹുമാനപെട്ട CGRF കോഴിക്കോടിന്റെ തീരുമാനത്തിലും ലൈനും പോസ്റ്റും പൊതുജനങ്ങൾ ഉപയോഗിക്കുന്ന വഴിയിൽ ആണെന്ന് മനസിലാക്കുന്നു എന്ന് കാണുന്നു. അത് എങ്ങനെ ബഹുമാനപ്പെട്ട ഫോറം മനസ്സിലാക്കി എന്ന് എനിക്ക് മനസ്സിലായില്ല മാപ്പാക്കണം. കെഎസ്ഇബിക്കാർ പറഞ്ഞത് കൂടാതെ എന്റെ പറമ്പിൽ ആരും അന്വേഷണത്തിന് വന്നതായി എനിക്ക് അറിയുകയുമില്ല. ഒന്നോ രണ്ടോ ആൾക്കാർ എപ്പോഴെങ്കിലും എന്റെ പുരയിടത്തിൽ കൂടി ഒന്നും നടന്നതുകൊണ്ട് എന്റെ പുരയിടത്തിൻമേൽ എനിക്കുള്ള അവകാശം ഇല്ലാതാകുമോ. പലതരം ന്യായീകരണങ്ങളും വാദപ്രതിവാദങ്ങളും നടത്താൻ എനിക്ക് അറിയില്ല. എന്റെ പറമ്പിൽ നിന്നും ലൈനും പോസ്റ്റും മാറ്റി തരികയാണ് വേണ്ടത് അതിനു വേണ്ടത് ചെയ്തു തന്നാലും.

4. പറമ്പും വഴിയും പൂർണമായും എന്റെ ഉടമസ്ഥതയിലും ഉള്ളതാണ്. ഇനിയൊരപ്പീലിനോ വിവേചനാധികാരം സ്ഥാപിക്കാനോ എന്നെ പറഞ്ഞു വിടാതിരുന്നാലും. ഇലക്ട്രിക് ലൈനും പോസ്റ്റും മാറ്റി സ്ഥാപിക്കുക എന്നതാണ് എന്റെ ആവശ്യം. ഇതാണ് അപ്പീൽ അപേക്ഷയുടെ സത്ത അല്ലെങ്കിൽ കാതലായ വിഷയം. മറ്റെല്ലാം പൊള്ളയായ വാദപ്രതിവാദങ്ങളാണ്. എന്റെ അപ്പീൽ

അപേക്ഷയിൽ അധികപ്പറ്റായി എന്തെങ്കിലും വാക്കിലോ വാചകങ്ങളിലോ വന്നിട്ടുണ്ടെങ്കിൽ അത് എന്റെ അറിവില്ലായ്മയായി കണക്കാക്കി മാപ്പാക്കിയാലും.

## എതിർ കക്ഷിയുടെ വാദം

1. KSEBL എന്ന പൊതുമേഖല സ്ഥാപനം എല്ലാവർക്കും അപകടരഹിത സുസ്ഥിര വൈദ്യുതി എന്ന ലക്ഷ്യത്തോടു കൂടി പ്രവർത്തിക്കുന്ന സ്ഥാപനമാണ്. മലപ്പുറം ജില്ലയിലെ എടക്കര എലെക്ട്രിക്കൽ സബ് ഡിവിഷന്റെ കീഴിൽ ചുങ്കത്തറ എലെക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ വരുന്ന കുറുമ്പലങ്ങോട് സ്കൂൾ ഏകദേശം ആയിരത്തോളം വിദ്യാർഥികൾ പഠിക്കുന്ന വിദ്യാലയമാണ്. സ്കൂൾ കോമ്പൗണ്ടിന്റെ വശങ്ങളിൽ കൂടിയുള്ള പഞ്ചായത്ത് വഴിയിൽ കൂടി ഉദ്ദേശം 10 വർഷ്ങ്ങൾ മുൻപായിട്ടാണ് പരാതിയിൽ പറയുന്ന വൈദ്യുതി ലൈൻ സ്ഥാപിച്ചിട്ടുള്ളത്. കുറുമ്പലങ്ങോട് LP സ്കൂളിനു ഭീഷണിയായി വൈദ്യുതി ലൈനിന് മുകളിൽ കൂടി സ്കൂൾ കെട്ടിടത്തിന്റെ മുകളിലേയ്ക്കും ചരിഞ്ഞു നിൽക്കുന്ന നിരവധി റബ്ബർ മരങ്ങൾ ഏത് നിമിഷവും പൊട്ടി വീഴാറായ നിലയിൽ ഉണ്ടെന്നും അതിനു അടിയിൽ കൂടി കടന്നു പോകുന്ന വൈദ്യുതി ലൈനിലേക്ക് ടി മരങ്ങൾ കടപുഴകി /മുറിഞ്ഞു വീണാൽ കമ്പിപൊട്ടി ടി സ്കൂളിലെ കുട്ടികളുടെ ജീവനും സ്കൂൾ കെട്ടിടത്തിനും നാശനഷ്ടം സംഭവിക്കും എന്നു കാണിച്ചു ശ്രീമതി രാധ, കല്ലതൊടിക (H), കുറുമ്പലങ്ങോട് എന്ന വ്യക്തിക്ക് കത്ത്നൽകിയ വിവരം ചുങ്കത്തറ ഗ്രാമപഞ്ചയത്ത് സെക്രട്ടറി അറിയിച്ചു. ആയത് പ്രകാരം ചുങ്കത്തറ എലെക്ട്രിക്കൽ സെക്ഷൻ, അസിസ്റ്റന്റ് എഞ്ചിനീയർ ടി സ്ഥലം സന്ദർശിച്ച് കാര്യങ്ങൾ ശരിയാണെന്നു ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി ലൈനിനു ഭീഷണിയായിട്ടുള്ള മരങ്ങൾ/ശിഖരങ്ങൾ വെട്ടിമാറ്റുന്നതിനായി ശ്രീമതി രാധക്ക് 05-07 -2022 നു ചുങ്കത്തറ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിൽ നിന്നും നൽകിയ കത്ത് ശ്രീമതി രാധയും അവരുടെ ഭർത്താവ് ശ്രീ ഭാസ്കരനും വായിച്ചുനോക്കി, എന്നാൽ രേഖ മൂലം കൈപ്പറ്റാൻ വിസമ്മതിച്ചു. മേൽ കത്തിന്റെ പകർപ്പ് ചുങ്കത്തറ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് നൽകിയിട്ടുണ്ട്. തുടർന്ന് ശ്രീ. ഭാസ്കരൻ ചുങ്കത്തറ

അസിസ്റ്റന്റ് എഞ്ചിനീയറെ ഫോണിൽ വിളിച്ച് ടി മരങ്ങളും/ശിഖിരങ്ങളും മുറിച്ചു മാറ്റുന്നതിനുള്ള അസൗകര്യം അറിയിച്ചു. സ്കൂൾ കെട്ടിടത്തിനും കുട്ടികൾക്കും ഭീഷണിയായ ടി മരങ്ങൾ ഒടിഞ്ഞു /കടപുഴകിവീണു ആർക്കെങ്കിലും എന്തെങ്കിലും സംഭവിച്ചാൽ അതിനു ഉത്തരവാദി ടി പുരയിടത്തിന്റെ ഉടമസ്ഥയായ ശ്രീമതി രാധക്ക് ആയിരിക്കുമെന്ന് ചുങ്കത്തറ അസിസ്റ്റന്റ് എഞ്ചിനീയർ ടിയാനെ ബോധ്യപ്പെടുത്തി. ടിയാനെ ഭീക്ഷണിപ്പെടുത്തുകയോ മോശം വാക്കുകൾ ഉപയോഗിക്കുകയോ ചെയ്തിട്ടില്ല.

2. സ്കൂൾ കെട്ടിടത്തിനും കുട്ടികളുടെ ജീവനും ഭീഷണിയായ റബർ മരത്തിന്റെ ശിഖരങ്ങൾ മുറിച്ചു മാറ്റുന്നതിന് ദുരന്ത നിവാരണ അതോറിറ്റി എടുത്ത തീരുമാന പ്രകാരം ശിഖരങ്ങൾ മുറിച്ചു മാറ്റുന്നതിന് വേണ്ടി റബ്ബർ മരങ്ങൾക്ക് അടിയിലൂടെ കടന്നു പോകുന്ന KSEBL-ന്റെ വൈദ്യുത ലൈനുകൾ ഓഫ് ചെയ്യുകയോ അഴിച്ചുമാറ്റുകയോ ചെയ്തുനൽകുന്നതിനുമായി പഞ്ചായത്ത് സെക്രട്ടറി 29-07-2022 നു നൽകിയ A4/6577/2022 നമ്പർ കത്ത് പ്രകാരം 30-07-2022 നു ടി വൈദ്യുത ലൈനുകൾ, അഴിച്ചു നൽകുകയും റബ്ബർ മരത്തിന്റെ അപകടകരമായ ശിഖരങ്ങൾ ദുരന്ത നിവാരണ അതോറിറ്റി അധികാരികൾ മുറിച്ചുമാറ്റിയതിനു ശേഷം വൈദ്യുത ലൈൻ പുനഃസ്ഥാപിക്കുകയും ചെയ്തു. ആയതിനാൽ പ്രസ്തുത മരങ്ങൾ മുറിച്ചു മാറ്റിയതുമായി ബന്ധപ്പെട്ട് വൈദ്യുതി ബോർഡിനോ ഉദ്യോഗസ്ഥർക്കോ യാതൊരു ഉത്തരവാദിത്തവും ഇല്ല എന്നും പഞ്ചായത്ത് അധികാരികളുടെ നിർദ്ദേശപ്രകാരം വൈദ്യുത ലൈൻ അഴിച്ചു മാറ്റുക മാത്രമാണ് വൈദ്യുത ബോർഡ് ചെയ്തിട്ടുള്ളതെന്നും ഇതിനാൽ ബോധിപ്പിക്കുന്നു.

3. പരാതിക്കാരൻ ഇതുമായി ബന്ധപ്പെട്ട് ചെയർപേഴ്സൺ CGRF കോഴിക്കോടിൽ പരാതിനൽകിയിരുന്നു. CGRF ചെയർപേഴ്സൺ ഇരു കക്ഷികളേയും ക്ഷണിച്ച് ഹിയറിംഗ് (17/11/2022) നടത്തിയതുമാണ്. തുടർന്ന് പരാതിയിൽ തീർപ്പുകൽപ്പിച്ചതുമാണ്.

## അവലോകനം

ഈ പരാതിയുടെ വാദം 20/04/2023 11: 30 ന് എറണാകുളത്തുള്ള ഓംബുഡ്സ്മാൻ ഓഫീസിൽ വച്ച് കേൾക്കുകയുണ്ടായി. വാദത്തിൽ പരാതിക്കാരിയുടെ നോമിനിയായി ഭർത്താവ് ശ്രീ. ഭാസ്കരൻ നായർ എതിർകക്ഷിയായി ലൈസൻസിയുടെ എടക്കര സബ്ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി ചിത്രലേഖയും പങ്കെടുത്തു. കൂടാതെ 12/05/23 ന് 10am ന് ഓംബുഡ്സ്മാനും, KSERC കൺസ്യൂമർ അഡ്വക്കേസി consultant ശ്രീ. ശ്രീകുമാറും ഈ സ്ഥലം സന്ദർശിക്കുകയും വസ്തുതകൾ നേരിട്ട് കണ്ട് വിലയിരുത്തുകയും ചെയ്തു. സ്ഥലസന്ദർശന സമയത്ത് പരാതിക്കാരിയുടെ നോമിനിയായ ഭർത്താവ് ശ്രീ. ഭാസ്കരൻ നായരും എടക്കര AEE യും സബ് എൻജിനീയറും പങ്കെടുത്തിരുന്നു. പരാതിക്കാരിയുടെ സ്ഥലം കുറുമ്പലങ്ങോട് സ്കൂളിനോട് ചേർന്നാണ് സ്ഥിതിചെയ്യുന്നത്. സ്കൂൾ മതിലിനും പുരയിടത്തിനും ഇടയ്ക്കായി ഒരു വഴി സ്ഥാപിച്ചിട്ടുണ്ട്. ഈ വഴി പരാതിക്കാരിയുടെ അടുത്ത പുരയിടത്തിൽ താമസിക്കുന്ന സഹോദരിക്ക് ഉപയോഗിക്കുന്നതിനും മറ്റുള്ളവർക്കും കൂടി ഉപയോഗിക്കാൻ വേണ്ടിയാണ് സ്ഥാപിച്ചിരിക്കുന്നത്. പരാതിക്കാരിയുടെ പുരയിടത്തിൽ റബ്ബർ മരങ്ങളാണ് കൃഷി ചെയ്തിരിക്കുന്നത്.

ഈ വഴിയിലൂടെ അടുത്ത പുരയിടത്തിൽ വീട് വച്ചു താമസിക്കുന്ന സഹോദരിയായ ശ്രീമതി. ലീലക്ക് വൈദ്യുതി നൽകുന്നതിനുവേണ്ടിയാണ് ലൈൻ വലിച്ചിട്ടുള്ളത്. ഈ ലൈനിൽ നിന്നും മറ്റൊരു വൈദ്യുതി കണക്ഷനും നൽകിയിട്ടുണ്ട്. ശ്രീമതി. ലീലയുടെ വാക്കുകളിൽ ഈ വഴിക്ക് അവർക്കും വഴിയവകാശം നൽകിയിട്ടുണ്ട് എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. പരാതിക്കാരിക്ക് നൽകിയിട്ടുള്ള തീറാധാരത്തിൽ (18/1/2002 ൽ രജിസ്റ്റർ ചെയ്ത 219 - ആം നമ്പർ) ഈ വസ്തുവിന്റെ വടക്ക് ഭാഗത്ത് വഴിയും, ലീലവക സ്ഥലം എന്ന് പടിഞ്ഞാറുഭാഗത്ത് വഴിയും, സ്കൂൾ പറമ്പും, ഗോപാലൻ വക സ്ഥലവും എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതിനു മുമ്പുള്ള രേഖയിൽ അതായത് 1976- ൽ നിലമ്പൂർ ലാൻഡ് ട്രിബ്യൂണൽ നൽകിയിട്ടുള്ള ക്രയ സർട്ടിഫിക്കറ്റിൽ ഈ വഴി രേഖപ്പെടുത്തിയിട്ടില്ല. അതിൽ നിന്നും ഈ വസ്തു 2002ൽ വിക്രയം നടത്തിയപ്പോഴാണ് ഈ വഴി സ്ഥാപിച്ചിട്ടുള്ളത് എന്ന് തെളിയുന്നു.

ആധാരത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള വഴിയായതിനാൽ അടുത്തുവീടുള്ള സഹോദരിക്കും വഴിയവകാശം ഉണ്ട് എന്ന് മനസ്സിലാക്കാം. ഈ വഴി കുറച്ചു നാൾ മുമ്പ് പഞ്ചായത്ത് മെറ്റൽ വിരിച്ചിട്ടുള്ളതാണെങ്കിലും, ഇപ്പോൾ അതെല്ലാം ഒലിച്ചു

പോയിട്ടുള്ളതായും കാണാം. ഈ വഴിക്ക് അവകാശം സിദ്ധിച്ചിട്ടുള്ള പരാതിക്കാരിയുടെ സഹോദരി ശ്രീമതി ലീലയ്ക്ക് വൈദ്യുത കണക്ഷൻ നൽകാൻ വേണ്ടിയാണ് ഈ ലൈൻ സ്ഥാപിച്ചിട്ടുള്ളത് എന്ന് എതിർകക്ഷിയുടെ വാദം ശരിയാകണം. വഴിയവകാശമുള്ള വ്യക്തികൾക്ക് വാഹന ഗതാഗതത്തിനും, വൈദ്യുത ലൈൻ വലിക്കാനും, ടെലഫോൺ ലൈൻ സ്ഥാപിക്കാനുമൊക്കെ അവകാശം ഉണ്ടായിരിക്കും. ഇവിടെ പരാതിക്കാരിയുടെ വാദം ഈ വഴി അവരുടെ ജന്മാവകാശത്തിൽ എന്നാണ്. ആധാരത്തിൽ വഴിയും സ്കൂൾ പറമ്പും അതിർത്തിയായി നിശ്ചയിച്ചിരിക്കുമ്പോൾ ജന്മാവകാശം അവകാശപ്പെടാൻ കഴിയില്ല. പരാതിക്കാരിയുടെ ജന്മാവകാശത്തിൽ ഉള്ള വഴിയിലൂടെ ലൈസൻസി അനുവാദമില്ലാതെ ലൈൻ വലിച്ചു എന്ന വാദം നിലനിൽക്കുന്നതല്ല.

റബ്ബർ മരം വളർന്ന് ലൈനിൽ തട്ടിയതിനാൽ അതിന്റെ കമ്പുകൾ മുറിക്കണമെന്ന് ലൈസൻസി ആവശ്യപ്പെട്ടിരുന്നു. കൂടാതെ മരങ്ങൾ ചാഞ്ഞു സ്കൂൾ കെട്ടിടത്തിലേക്ക് പതിക്കാൻ സാധ്യതയുള്ളതിനാൽ കമ്പുകൾ മുറിച്ചുമാറ്റാൻ പഞ്ചായത്ത് പരാതിക്കാരിയോട് ആവശ്യപ്പെട്ടു. പരാതിക്കാരി തയ്യാറാവാതെവന്നതിനാൽ ദുരന്തനിവാരണ അതോറിറ്റി സ്കൂൾ കെട്ടിടങ്ങൾക്ക് സംഭവിക്കാൻ ഇടയുള്ള ദുരന്തം ഒഴിവാക്കുന്നതിനു വേണ്ടി മരങ്ങളുടെ കൊമ്പ് മുറിച്ചു മാറ്റുകയുണ്ടായി. അതിനുവേണ്ടി കെഎസ്ഇബി യോട് ലൈൻ അഴിച്ചുമാറ്റി കൊടുക്കാൻ ആവശ്യപ്പെടുകയും അത് പ്രകാരം സെക്ഷൻ ഓഫീസിൽ നിന്ന് 30/07/2022 **അഴിച്ചുനൽകുകയും** മരത്തിന്റെ ശിഖരങ്ങൾ മുറിച്ചു മാറ്റിയ ശേഷം പുനഃസ്ഥാപിക്കുകയും ചെയ്തു. പരാതിക്കാരി വാദിക്കുന്ന പോലെ കെഎസ്ഇബി അല്ല മരം മുറിച്ചിട്ടുള്ളത്.

ഈ വൈദ്യുത ലൈൻ റബ്ബർ മരങ്ങൾക്ക് സ്ഥിരം ഭീഷണിയായതിനാൽ മാറ്റി സ്ഥാപിക്കണമെന്നാണ് പരാതിക്കാരിയുടെ ആവശ്യം. എന്നാൽ ഇത് മാറ്റി സ്ഥാപിക്കുന്നതിനു ചെലവ് വഹിക്കാൻ കഴിയില്ല എന്നാണ് പരാതിക്കാരിയുടെ നിലപാട്. ഈ ലൈൻ മാറ്റി സ്ഥാപിക്കപ്പെട്ടാലും വീണ്ടും വളർന്നാൽ സ്കൂൾ കെട്ടിടത്തിന് ഭീഷണിയാകാൻ സാധ്യതയുണ്ട്. ഈ ലൈൻ മാറ്റി സ്ഥാപിക്കാനുള്ള വേറെ റൂട്ട് പ്രാവർത്തികമല്ല എന്നാണ് ലൈസൻസിയുടെ വാദം. മാത്രവുമല്ല അതിന് മറ്റുള്ളവരിൽ നിന്നും ഉപഭോക്താക്കളിൽ നിന്നുമൊക്കെ എതിർപ്പുണ്ടാകാനും സാധ്യതയുണ്ട്. അതിനാൽ ഇതിനൊരു പരിഹാരം ഈ ലൈനിലെ വൈദ്യുത കമ്പികൾ ABC യാക്കി മാറ്റുന്നതായിരിക്കും.

**<u>തീരുമാനം</u>**

1. ഉടനെ ഈ ലൈൻ ABC യിലേക്ക് മാറ്റണമെങ്കിൽ ഇതിന്റെ ചെലവ് പരാതിക്കാരി വഹിക്കേണ്ടതായിട്ടുണ്ട്.

2. KSEBL-ന്റെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന വൈദ്യുത ലൈനുകൾ ശക്തിപ്പെടുത്തുന്ന പദ്ധതികളിൽ ഉൾപ്പെടുത്തി മുൻഗണന ക്രമത്തിൽ പൊതുജനസുരക്ഷ മുൻനിർത്തി ലൈസൻസിയുടെ ചെലവിൽ നടപ്പിലാക്കാവുന്നതാണ്.

**ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ**

<u>P/011/2023/                തിയതി:</u>

<u>അയക്കുന്നത്:</u>

1. രാധാ കെ. സി, w/o ചീനിയംപുറത്ത് ഭാസ്കരൻ, കുറുമ്പലങ്ങോട് പി.ഓ., കൈപ്പിനി, ചുങ്കത്തറ, മലപ്പുറം ജില്ല – 679334

2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എലെക്ട്രിക്കൽ സബ് ഡിവിഷൻ, കെ. എസ്. ഇ. ബി ലിമിറ്റഡ്, എടക്കര, മലപ്പുറം

<u>പകർപ്പ് സമർപ്പിക്കുന്നത്:</u>

1. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, KPFC ഭവനം, വെള്ളയമ്പലം, തിരുവനന്തപുരം -10

2. സെക്രട്ടറി, കെ.എസ്.ഇ.ബി ലിമിറ്റഡ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം- 4

3. ചെയർപേഴ്സൺ, CGRF, വൈദ്യുതി ഭവനം, കെ.എസ്.ഇ.ബി ലിമിറ്റഡ്, ഗാന്ധി റോഡ്, കോഴിക്കോട് - 673011